**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7254 — 11.07.2014-ൽ മറുപടിയ്ക്ക്

# മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ലാബ്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ.രാജു** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) മരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തിയ പ്രവൃത്തികളിൽ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിൽ പരിശോധന വേണമെന്ന നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് മാന്വൽ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ : ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്, ക്വാളിറ്റി മാന്വലിന്റെ കരട് രൂപം പൊതുമരാമത്ത് വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് മാന്വലിന്റെ അവലോകനത്തിനുള്ള എഞ്ചിനീയർമാരുടെ ശിൽപ്പശാല ജൂൺ 13-ാം തീയതിയും കരാറുകാർക്കായുള്ള ശിൽപ്പശാല ജൂലൈ രണ്ടാം തീയതിയും തിരുവനന്തപുരം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ വെച്ച് നടന്നു. പ്രസ്തുത ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ക്വാളിറ്റി മാന്വൽ പരിഷ്ക്കരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) മരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ലാബുകൾ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ആയതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) ഉണ്ട്, കേരളത്തിലെ 14 ജില്ലകളിലും ഓരോ ഗുണ നിലവാര പരിശോധനാ ലാബ് സജ്ജമാക്കിയിട്ടുണ്ട്.<br>ഗുണനിലവാര പരിശോധനയുടെ മാർഗ്ഗനിർദ്ദേശത്തിനായി ക്വാളിറ്റി കൺട്രോൾ മാന്വലും, ലാബ് മാന്വലും തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രവൃത്തികളിലും ഗുണനിലവാര പരിശോധനയും ബിൽ മാറുന്നതിന് മുമ്പ് ഗുണനിലവാര സർട്ടിഫിക്കറ്റുകളും ഉറപ്പ് വരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങളിൽ, ബന്ധപ്പെട്ട എഞ്ചിനീയർമാർക്കു പുറമേ കേന്ദ്ര മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**